കോതമംഗലം, അടിമാലി, നഗരമ്പാറ, തൊടുപുഴ റെയിഞ്ചുകളിൽ വനം കയ്യേറ്റം

87(1003)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ഹൈറേഞ്ച് സർക്കിളിന്റെ കീഴിലുള്ള കോതമംഗലം അടിമാലി, നഗരംപാറ, തൊടുപുഴ റേയിഞ്ചുകളിൽ വ്യാപകമായ വനം കയ്യേറ്റം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വകുപ്പിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ടോ;

(ഡി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് സൗകര്യപ്രദമായ സ്ഥലത്തേക്ക് സ്ഥലമാറ്റം നൽകിയിട്ടുണ്ടോ;

(ജി) എങ്കിൽ ആരാണ് പ്രസ്തുത സ്ഥലമാറ്റം നടത്തിയതെന്ന് അറിയിക്കുമോ;

(എച്ച്) പ്രസ്തുത റെയിഞ്ചുകളിലെ വനം കയ്യേറ്റം സംബന്ധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വ്യാപകമായ വനം കയ്യേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രണ്ടു പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി)-(എച്ച്) ഇത് സംബന്ധിച്ച് വനം വകുപ്പിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുന്നുണ്ട്.

വന്യജീവി സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ

88(1011) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുണ്ട്;

(സി) ഓരോ സംരക്ഷണ കേന്ദ്രത്തിന്റെയും പരിപാലനത്തിനായി വർഷംതോറും എന്തു തുക ചെലവു വരുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഫണ്ട് കാര്യക്ഷമമായും സത്യസന്ധമായും വിനിയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്ത് വന്യജീവി സംരക്ഷണ നിയമം ലംഘിക്ക പ്പെട്ട എത്ര കേസ്സുകൾ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യ പ്പെട്ടിട്ടുണ്ട്; ഇതിൽ എത്ര കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; രജിസ്റ്റർ ചെയ്ത കേസ്സിൻമേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എഫ്) വനംവകുപ്പ് ജീവനക്കാരോ പോലീസ് ഉദ്യോഗസ്ഥൻമാരോ പ്രതിയായിട്ടുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാ ക്കുമോ;

(ജി) ഇത്തരം കേസ്സുകളിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വന്യജീവി സംരക്ഷണത്തിനായി താഴെപ്പറ യുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. കാട്ടുതീ തടയുന്നതിന് വനത്തിൽ നിലവിലുള്ള റോഡുക ളുടെ ഇരുവശവും ഫയർലൈൻ തെളിക്കുക, സ്വാഭാവിക വനങ്ങൾക്കു ചുറ്റും ഫയർലൈൻ തെളിക്കുക, ഫയർ വാച്ചർമാരെ നിയമിക്കുക.

2. വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥ പരിരക്ഷിക്കുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, പ്രക്ഷീണ ആവാസ വ്യവസ്ഥകൾ പുനരുജ്ജീവിപ്പിക്കുക, തീറ്റപ്പുല്ല്, ഫലവൃക്ഷങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുക, കള നിർമ്മാർജ്ജനം ചെയ്യുക.

3. സംരക്ഷണ പരിരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി അടി സ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വന്യജീവി സങ്കേത ങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു വയർലെസ് ശൃംഖല രൂപീകരിക്കുകയും അത് കാലാകാലങ്ങളിൽ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. സംരക്ഷണ പ്രവർത്ത നങ്ങൾക്കായി റോഡ്, ട്രക്ക്, പാത്ത് എന്നിവ നിർത്തിക്കുക, വാഹനങ്ങൾ, ബോട്ട് മുതലായവ വാങ്ങുക, വാച്ച് ടൗവറുകൾ, പിക്കറ്റ് സ്റ്റേഷനുകൾ എന്നിവ നിർമ്മിക്കുക, ക്യാംപിംഗ് സന്നിധാനങ്ങൾ മെച്ചപ്പെടുത്തുക, സംരക്ഷണ ഉദ്യോ ഗസ്ഥൻമാർക്ക് അവശ്യസാധനങ്ങളും മറ്റും വിതരണം ചെയ്യുക.

4. മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറ യ്ക്കുന്നതിന് വൈദ്യുതി കമ്പിവേലികളും ട്രഞ്ചുകളും മറ്റും നിർമ്മിച്ച് വന്യ മൃഗങ്ങൾ വനാതിർത്തി വിട്ട് പരിസരവാസികളുടെ കൃഷിയിടങ്ങളിലേക്കും സെറ്റിൽമെന്റുകളിലേക്കും കടക്കുന്നത് ഒരു പരിധിവരെ തടഞ്ഞിട്ടുണ്ട്. വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരവും നൽകുന്നുണ്ട്.

5. തദ്ദേശീയരുടെയും ആദിവാസികളുടെയും വനത്തിനോടുള്ള അമിതാശ്രയം കുറയ്ക്കുന്നതിന് ഇക്കോ ഡെവലപ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

6. കൂടുതൽ ശാസ്ത്രീയമായി വന്യജീവിപരിപാലനം നടപ്പിലാ ക്കുന്നതിന് വിവിധ ആവാസ വ്യവസ്ഥകളെയും വന്യജീവികളെയും കുറിച്ച് ഗവേഷണ പഠനങ്ങൾ നടത്തുന്നുണ്ട്.

7. വന്യജീവി സംരക്ഷണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് ബോധവൽക്കരണ പരിപാടികളും പ്രകൃതി പഠന ക്യാമ്പു കളും പൊതുജനങ്ങൾക്കായി നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

8. ഓരോ പ്രദേശത്തുമുള്ള വനസംരക്ഷണ ജീവനക്കാർക്ക് സഹായം നൽകാൻ 8 ഫ്ളയിംഗ് സ്കാഡ് ഡിവിഷനുകളുടെ കീഴിലായി 19 ഫ്ളയിംഗ് സ്കാഡ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

9. അതിർത്തി പ്രദേശങ്ങളിൽ കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും അങ്ങനെ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ വൈൽഡ് ലൈഫ് വാർഡൻമാർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിപ്പോൾ 12 വന്യമൃഗ സങ്കേതങ്ങളും 2 ദേശീയോദ്യാനങ്ങളുമാണ് ഉള്ളത്.

(സി) ഓരോ സംരക്ഷണ കേന്ദ്രത്തിന്റെയും പരിപാലനത്തിനായി 50% കേന്ദ്രസഹായ പദ്ധതിയിൽ അതാതു ബഡ്ജറ്റു ഹെഡുകളിൽ കഴിഞ്ഞ 4 വർഷങ്ങളിൽ ചെലവായ തുകയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

സബ് മേജർ/മൈനർ ഹെഡുകൾ	1996-97 ലെ ചെലവ്	97-98-ലെ ചെലവ്	98-99 ലെ ചെലവ്	99-2000 ലെ ചെലവ്
		(ലക്ഷം രൂപയിൽ)		
(1)	(2)	(3)	(4)	(5)
2406-02-110-93 പെരിയാർ ടൈഗർ റിസർവ് (50% സി.എസ്.എസ്)	87.64	85.3	91.08	123.17
2406-02-110-69-ആഗോള പരിസ്ഥിതി സൗകര്യങ്ങൾക്കു കീഴിലുള്ള ജൈവ വികസനം - 85%	31.96	163.34	476.92	529.74
2406-02-110-96 വയനാട് വന്യമൃഗസംരക്ഷണ കേന്ദ്രം (50% ബിഎസ്എസ്)	39.58	45.61	44.03	44.56
2406-02-110-98 പറമ്പിക്കുളം വന്യമൃഗ സംരക്ഷണ കേന്ദ്രം (50% ബിഎസ്എസ്)	42.55	40.21	40.21	37.83
2406-02-110-97-നെയ്യാർ വന്യമൃഗ സംരക്ഷണ കേന്ദ്രം (50% ബിഎസ്എസ്)	23.92	38.67	24.17	30.47
2406-02-110-89 പീച്ചി വാഴാനി വന്യമൃഗ സംരക്ഷണ കേന്ദ്രം (50% ബിഎസ്എസ്)	18.05	16.43	24.38	17.44
2406-02-110-87 ചെന്തുരുണി വന്യമൃഗ സംരക്ഷണ കേന്ദ്രം (50% ബിഎസ്എസ്)	12.07	20	15.86	17.35
2406-02-110-84 ചിന്നാർ വന്യമൃഗസംരക്ഷണ കേന്ദ്രം (50% ബിഎസ്എസ്)	14.02	20.51	14.34	12.87
2406-02-110-90 ഇടുക്കി വന്യമൃഗ സംരക്ഷണകേന്ദ്രം	26.35	33.66	31.41	20.38

LIBRARY ARCHIVES Kerala Legislative Assembly

(50% ബിഎസ്എസ്)				
2406-02-110-85 ആറളം വന്യമൃഗ സംരക്ഷണകേന്ദ്രം (50% ബിഎസ്എസ്)	12.6	17.2	21	19.29
2406-02-110-86 പേപ്പാറ വന്യമൃഗ സംരക്ഷണകേന്ദ്രം (50% ബിഎസ്എസ്)	13.92	14.62	10.49	15.91
2406-02-110-83 തട്ടേക്കാട് പക്ഷി സംരക്ഷണ കേന്ദ്രം (50% ബിഎസ്എസ്)	20.34	23.93	27.46	19.89
2406-02-110-86 ചിമ്മിനി വന്യമൃഗസംരക്ഷണ കേന്ദ്രം (50% ബിഎസ്എസ്)	10.15	9.27	9.59	7.58
2406-02-110-94 ഇരവികുളത്തെ നാഷണൽ പാർക്കുകളുടെ വികസനം (50% ബിഎസ്എസ്)	22.57	23.95	25.6	18.36
2406-02-110-91 സൈലന്റ് വാലി പദ്ധതിയിൽ ദേശീയോദ്യമം അഭിവൃദ്ധിപ്പെടുത്തുക (50% ബിഎസ്എസ്)	33.37	32.43	34.06	30.71

ഇവ കൂടാതെ ഈ സാങ്ചറികൾക്കായി താഴെ പറയുന്ന ബഡ്ജറ്റു ഹെഡുകളിൽ പൊതുവായി ചെലവായ തുകയുടെ കണക്ക് താഴെ കൊടുക്കുന്നു.

100% സംസ്ഥാന സഹായ പദ്ധതി				
2406-02-110-82 വന്യജീവി അനധികൃത നായാട്ടും ഇടപാടുകളും തടയുന്നതിന്	17.86	16.82	23.16	19.19
2406-02-110-81 വന്യജീവി സംബന്ധമായ വിദ്യാഭ്യാസവും വികസനവും (50% ബിഎസ്എസ്)	21.5	23.34	22.39	15.65
2406-02-110-68 ജൈവ വൈവിദ്ധ്യ സംരക്ഷണം		189	160	145.86
2406-02-110-75 വന്യജീവി വിനോദസഞ്ചാര വികസനം	9.29	14.59	25.93	21.5
4406-01-800-96 വനദർശനം വന്യജീവി വിനോദസഞ്ചാരം	6.61	6.28	10.69	8.95
100% കേന്ദ്രാവിഷ്കൃത പദ്ധതി				
2406-02-110-80 നീലഗിരി ബയോസ്ഫിയർ റിസർച്ച് (100% ബിഎസ്എസ്)	26.58	31.84	25.96	26.59
2406-02-110-71 പ്രോജക്ട്	66.2	79.66	145.04	54.63

LIBRARY ARCHIVES Kerala Legislative Assembly

എലിഫെന്റ് (100% ബിഎസ്എസ്)

(ഡി) ഫണ്ട് കാര്യക്ഷമമായും സത്യസന്ധമായും വിനിയോഗിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്തുവരുന്നു.

1. ഓരോ വർഷവും ഓരോ വന്യജീവി സങ്കേതത്തിനും പ്രത്യേകം പ്രത്യേകം വാർഷിക പദ്ധതികൾ തയ്യാറാക്കുകയും അവയിൽ ഓരോന്നിനും ഇനങ്ങൾ തിരിച്ച് ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരം വാങ്ങുകയും ചെയ്യുന്നു. കേന്ദ്ര വിഹിതത്തിന്റെ ഫണ്ടിന്റെ കാര്യത്തിൽ വാർഷിക പദ്ധതി കേന്ദ്രസർക്കാർ അംഗീകരിക്കുന്നുണ്ട്.

2. പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് ഓരോ ഡിവിഷനിലും വിവിധ വിഭാഗങ്ങളിൽപ്പെട്ട പരിശീലനം ലഭിച്ചവരും യോഗ്യതയുള്ളവരും ആയ ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളത്.

3. യഥാസമയം ഉയർന്ന ഉദ്യോഗസ്ഥൻമാർ ഫീൽഡ് പരിശോധന നടത്തിവരുന്നുണ്ട്.

4. വകുപ്പിലെ വിജിലൻസ് വിഭാഗം പണികളുടെ മിന്നൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ പണികളുടെ അവലോകനവും നടത്താറുണ്ട്.

5. ഓരോ ഡിവിഷനിലെ കണക്കുകൾ കേരളത്തിലെ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) യഥാസമയം പരിശോധിക്കുന്നുണ്ട്.

(ഇ) കഴിഞ്ഞ നാലു വർഷത്തിനുള്ള ബുക്കുചെയ്ത കേസ്സുകളുടെയും കോടതിയിൽ ചാർജ്ജു ചെയ്ത കേസുകളുടെയും വിവരം താഴെ ചേർക്കുന്നു.

വർഷം	ബുക്കു ചെയ്ത കേസ്സ്	കോടതിയിൽ ചാർജ്ജ് ചെയ്തത്	കോംപൗണ്ട് ചെയ്തത്
1996	76	26	6
1997	41	5	3
1998	140	24	3
1999	50	2	-

ബാക്കിയുള്ള കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) റാന്നി റെയിഞ്ചിൽ രാജംപാറ ഫോറസ്റ്റ് സ്റ്റേഷനിൽ ഇത്തരത്തിലുള്ള ഒരു കേസ്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഒ.ആർ. 7/98). ഈ കേസ്സിൽ 2 പോലീസ് കോൺസ്റ്റബിൾ ഉൾപ്പെടെ ആറുപേരെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരക്കിയിട്ടുണ്ട്.

(ജി) റാന്നി റെയിഞ്ചിലെ രാജംപാറ ഫോറസ്റ്റ് സ്റ്റേഷനിലെ ഒ. ആർ. 7/98 നമ്പർ കേസ്സ് കോട്ടയം ക്രൈയിംബ്രാഞ്ച് സി.ഐ.ഡി.യുടെ അന്വേഷണത്തിലാണ്.

ട്രാൻസ്പോർട്ട് ഓഫീസുകളിലെ ഏജന്റുമാരുടെ ഇടപെടൽ

89(1013) ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly